പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4644 — 23 .07. 2015 ൽ മറുപടിക്ക്

## നാളേക്കിത്തിരി ഊർജ്ജം പദ്ധതി

ചോദ്യം

ശ്രീ. കെ.മുരളീധരൻ
,, എം.പി.വിൻസെന്റ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നാളേക്കിത്തിരി ഊർജ്ജം പരിപാടി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത് എന്നറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ഊർജ്ജ സംരക്ഷണത്തെ പറ്റി അവബോധം വളർത്തുക എന്നതാണ് "നാളേക്കിത്തിരി ഊർജ്ജം" പരിപാടിയുടെ പ്രധാന ഉദ്ദേശ്യം. ഇതിനായി സ്കൂൾ കുട്ടികളെ സ്വന്തം ഭവനങ്ങളിലെയും, ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും ഭവനങ്ങളിലെയും വിദ്യാലയങ്ങളിലെയും വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും, വൈദ്യുതിയുടെ പാഴാകൽ ഒഴിവാക്കുന്നതിനും ശ്രദ്ധിച്ചുകൊണ്ട് വൈദ്യുത സംരക്ഷണം പ്രാവർത്തികമാക്കാൻ പ്രോൽസാഹിപ്പിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. |
| (സി) | പ്രസ്തുത പരിപാടി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾ ദൈനം ദിനം നടത്തുന്ന ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ രേഖപ്പെടുത്തു- ന്നതിന്, ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊണ്ട് ഒന്നരലക്ഷം ഡയറികൾ സ്കൂൾ കുട്ടികൾക്കിടയിൽ വിതരണം നടത്തുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, വിദ്യാലയങ്ങളിലെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഇതിൽ പങ്കാളികളാകുന്ന സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ ക്ലബ്ബുകൾ രൂപീകരിച്ചു. സബ് ഡിവിഷൻ ലെവൽ ഡിമാന്റ് സൈഡ് മാനേജ്മെന്റ് (ഡി.എസ്.എം.) സെല്ലുകളുടെ ആഭിമുഖ്യത്തിൽ ഈ ക്ലബ്ബുകൾക്ക് വേണ്ട പരിശീലനങ്ങൾ നൽകുകയും അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഡി.എസ്.എം സെല്ലുകളുടെ റിപ്പോർട്ടുകളെ ക്രോഡീകരിച്ച് വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ